## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4249 — 13.12.2018-ലെ മറുപടിയ്ക്ക്

## മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ.മാക്സി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 14 ഇൻഡോർ സ്റ്റേഡിയങ്ങളിൽ 9 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 7 പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും 4 പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2 പദ്ധതികളുടെ പ്രോജക്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു. ബാക്കി പദ്ധതികൾ സ്ഥലം സംബന്ധമായ തടസ്സങ്ങൾ നേരിടുന്നവയാണ്. ഒരു പദ്ധതിയുടെയും നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ ജില്ലയിലെയും പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ; | | |
| (സി) | ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നും ഏതെല്ലാം പദ്ധതികൾ ടെൻഡർ ചെയ്തുവെന്നും ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

# നിയമസഭാ ചോദ്യം നം. 4249 – അനുബന്ധം – 1

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബിയിൽ സമർപ്പിച്ച തുക | കിഫ്ബി അംഗീകരിച്ച തുക | സാങ്കേതിക അനുമതി ലഭിച്ച തുക | അടങ്കൽ തുക | കരാർ തുക | SPV ആയ M/s KITCO സമർപ്പിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 58.44 | 34.26 | 34.25 | 29.79 | 28.7 | പദ്ധതിയുടെ കരാർ മ/െ. 'ക്രെസന്റ് കൺസ്ട്രക്ഷൻസിന്' നൽകിയിട്ടുണ്ട് |
| 2 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിന് മ/െ. കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാകുന്ന മുറയ്ക്ക് ആ തുകയ്ക്കുള്ള ഭരണാനുമതിക്കായി സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്. |
| 3 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട് എന്നാൽ സ്ഥലം ഉടമയായ മുനിസിപ്പാലിറ്റി സർക്കാർ നിർദ്ദേശ പ്രകാരമുള്ള എം.ഒ.യു. ഒപ്പു വച്ചിട്ടില്ല. |
| 4 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 | 41.47 | 41.46 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 5 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | | | | | | ചിങ്ങവനത്തെ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചു. പദ്ധതിയുടെ ഡി.പി.ആർ മ/െ. കിറ്റ്കോ തയ്യാറാക്കി വരുന്നു. |
| 6 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | | | | | | | നിലവിൽ കണ്ടെത്തിയ സ്ഥലം ചതുപ്പ് പ്രദേശമാണ് അതിനാൽ എറണാകുളത്ത് ഇൻഫോപാർക്കിന്റെ വക 8 ഏക്കർ സ്ഥലം പദ്ധതിക്കായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. |
| 7 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | | | | | | | സ്ഥലം നെടുങ്കണ്ടം പഞ്ചായത്ത് ഏറ്റെടുത്ത് നല്കുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുന്നതാണ്. |
| 8 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 70.56 | 56.01 | 50.19 | 42.25 | 46.47 | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കോർപ്പറേഷൻ സർക്കാർ നിർദ്ദേശ പ്രകാരമുള്ള എം.ഒ.യു ഒപ്പിട്ടുനൽകുന്ന മുറയ്ക്ക് [illegible] ന് വർക്ക് ഓർഡർ നൽകുന്നതാണ്. |
| 9 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | | | | | | | സ്ഥലം കണ്ടെത്തേണ്ടതുണ്ട് |
| 10 | മലപ്പുറം പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | | 35.48 | | | | സ്റ്റേഡിയത്തിനായി കണ്ടെത്തിയ മലബാർ സിമെന്റ്സിന്റെ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിൽ സ്ഥലം ലഭ്യമായ [illegible] തുടങ്ങുന്നതിന് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 11 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | | | | | | സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 12 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.98 | 36.88 | 36.87 | 33.75 | | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരമുള്ള എം.ഒ.യു ഒപ്പിട്ടുനൽകുന്ന മുറയ്ക്ക് ഘ്വആശററല്യ ന് വർക്ക് ഓർഡർ നൽകുന്നതായിരിക്കും. |
| 13 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 42.27 | 41.02 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. അടുത്ത സാങ്കേതിക സമിതി യോഗത്തിൽ പദ്ധതി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| 14 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 30.59 | 29.32 | 29.30 | | | കിഫ്ബി അംഗീകാരവും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |